**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587** **28-07-2021 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മണ്ഡലത്തിൽ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തു നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ ഏതെല്ലാം പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ G.O(Rt)No.845/2017/H&FWD, തീയതി, 28.03.2017 പ്രകാരം വിൽവട്ടം പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഇവിടെ അസിസ്റ്റന്റ് സർജൻ- 1, സ്റ്റാഫ് നഴ്സ് - 2, ലാബ് ടെക്നീഷ്യൻ – 1, ഫാമർസിസ്റ്റ് - 1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ G.O(MS)No.113/2018/H&FWD, dated, 16.06.2018 പ്രകാരം പാമ്പൂർ, അയ്യന്തോൾ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും പാമ്പൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു. അയ്യന്തോൾ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ-1 , സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ G.O(Rt)No.1947/2020/H&FWD, തീയതി, 22.10.2020 പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രം കൂർക്കഞ്ചേരി, പ്രാഥമികാരോഗ്യകേന്ദ്രം അരിമ്പൂർ എന്നിവ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. പഴയ ജില്ലാ ആശുപത്രി കോമ്പൗണ്ടിൽ പണിയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. കുടുംബാരോഗ്യകേന്ദ്രം അയ്യന്തോളിന്റെ കീഴിലുള്ള ചേറ്റുപുഴ സബ്-സെന്റർ,വിയ്യൂർ എന്നിവയെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ